(ബി) പ്രസ്തുത സബ്സ്റ്റേഷന് വേണ്ടിയുള്ള സ്ഥലമെടുപ്പ് പൂർത്തിയായോ എന്ന് വ്യക്തമാക്കുമോ ;

(സി) ഇതിന്റെ എസ്റ്റിമേറ്റ് തുക എത്രയാണെന്നും എപ്പോൾ പണി ആരംഭിക്കാൻ കഴിയുമെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) കാസർഗോഡ് മുനിസിപ്പാലിറ്റിയിലെ നിർദ്ദിഷ്ട 33 കെ. വി. സബ്സ്റ്റേഷന്റെ നിർമ്മാണത്തിനുള്ള സ്ഥലമെടുപ്പ് പൂർത്തിയായിട്ടില്ല. ഒരു സ്വകാര്യ വ്യക്തിയുടെ സ്ഥലം ഏറ്റെടുക്കുന്നതിനുവേണ്ടി ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ രൂപീകരിച്ച Negotiation Purchase Committee നിർദ്ദേശിച്ച വിലയ്ക്ക് സ്ഥലം വിട്ടുതരാൻ വ്യക്തി തയ്യാറായില്ല. തുടർ നടപടികൾ സ്വീകരിച്ചു വരുന്നു.

(സി) 33 കെ.വി. സബ്സ്റ്റേഷന്റെ നിർമ്മാണത്തിനു വേണ്ട ആകെ തുക 4 കോടി 21 ലക്ഷം രൂപയാണ്. പ്രസ്തുത സബ്സ്റ്റേഷനുവേണ്ട സ്ഥലം ലഭിച്ചു കഴിഞ്ഞാൽ പണി ആരംഭിക്കുന്നതാണ്.

കാര്യവട്ടം-കുരിശ്ശടി-പിണക്കോട്ടുകോണം 11 കെ.വി. ലൈൻ മാറ്റി സ്ഥാപിക്കുന്ന നടപടി

168 (1132) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ജില്ലയിൽ കെ.എസ്.ഇ.ബി. കഴക്കൂട്ടം ഡിവിഷനു കീഴിലുള്ള കാര്യവട്ടം-കുരിശ്ശടി-പിണക്കോട്ടുകോണം 11 കെ.വി. ലൈൻ മാറ്റി സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ആരാണ് ഇതിന്റെ ചെലവ് വഹിക്കുന്നത് ;

(സി) എത്ര രൂപയാണ് ഇതിന്റെ എസ്റ്റിമേറ്റ് എന്നും എത്ര രൂപ ഈ ഇനത്തിൽ അടച്ചു എന്നും വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത 11 കെ.വി. ലൈൻ ഏതു പ്രദേശത്തിലൂടെ സ്ഥാപിക്കുവാനാണ് ഉദ്ദേശിക്കുന്നത് ;

(ഇ) ഏതു വ്യക്തിയാണ് ഇതിന്റെ കോൺട്രാക്ട് എടുത്തിരിക്കുന്നത് ;

(എഫ്) പ്രസ്തുത ലൈൻ സ്ഥാപിക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ;

(ജി) 325/11/വി.ഐ.പി./പവർ. എന്ന നമ്പർ പ്രകാരം നൽകിയിരുന്ന പരാതിയിന്മേൽ എന്തു നടപടി സ്വീകരിച്ചു എന്ന് വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(എച്ച്) 11 കെ.വി. ലൈൻ മാറ്റുന്നതിനോടനുബന്ധിച്ച് പുതിയ ട്രാൻസ്ഫോർമർ സ്ഥാപിക്കുവാൻ കെ.എസ്.ഇ.ബി. ഉദ്ദേശിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ കാര്യവട്ടം-പിണക്കോട്ടുകോണം പ്രദേശത്ത് എവിടെയാണ് സ്ഥാപിക്കുന്നത് ;

(ഐ) പ്രസ്തുത ട്രാൻസ്ഫോർമർ സ്ഥാപിക്കുവാൻ ഏത് വ്യക്തിയാണ് ഭൂമി നൽകിയത് എന്നു വ്യക്തമാക്കുമോ ;

(ജെ) കുരിശ്ശടി-പിണക്കോട്ടുകോണം 11 കെ.വി. ലൈൻ സ്ഥാപിക്കുന്നതിന് വർഷങ്ങൾക്കുമുമ്പ് സ്ഥലമുടമകൾക്ക് നഷ്ടപരിഹാരം നൽകിയിരുന്നോ ; ഉണ്ടെങ്കിൽ എത്രയെന്ന് വ്യക്തമാക്കുമോ ;

(കെ) കുരിശ്ശടി-പിണക്കോട്ടുകോണം 11 കെ.വി.ലൈൻ ഭൂമിക്കടിയിലൂടെ സ്ഥാപിക്കുവാൻ ആലോചനയുണ്ടോ ; എങ്കിൽ ആരൊക്കെ ; എത്ര രൂപ വീതം ഇതിനായി അടച്ചു എന്ന് വ്യക്തമാക്കുമോ ;

(എൽ) പ്രസ്തുത ലൈൻ ഭൂമിക്കടിയിലൂടെ സ്ഥാപിക്കുന്നതിനുമുൻപ് എടുത്ത തീരുമാനം ഉപേക്ഷിക്കുവാൻ കാരണമെന്ത് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഗുണഭോക്താക്കളായ ശ്രീ. ചാക്കോ വർഗീസ്, ഷാനു, ഷാഹിത, വാഹിദ്, സജിന, നിർമല കുമാരി, റഷീദ് എം. എ. എന്നിവരാണ് ചെലവ് വഹിക്കുന്നത്.

(സി) എസ്റ്റിമേറ്റ് തുക 5,23,720 രൂപ. പ്രസ്തുത തുക ടി ഗുണഭോക്താക്കൾ അടച്ചിട്ടുണ്ട്.

(ഡി) കാര്യവട്ടം വില്ലേജ് പിണക്കോട്ടുകോണം റോഡിൽ കൂടിയാണ് സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നത്.

(ഇ) ശ്രീ. ജി. വിക്രമൻ നായർ, പെറ്റി കോൺട്രാക്ടർ.

(എഫ്) ഉണ്ട്. ശ്രീ. കെ. മധുസൂദനൻ, കാര്യവട്ടം പരാതി നൽകിയിട്ടുണ്ട്.

(ജി) 325/എ/വിഐപി/പവർ എന്ന നമ്പർ പരാതി 10-2-2011-ന് ഇലക്ട്രിസിറ്റി ബോർഡിൽ ലഭിച്ചിട്ടുണ്ട്. അന്വേഷിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്.

(എച്ച്&ഐ) പുതിയ ട്രാൻസ്ഫോർമർ വില്ലേജ് റോഡിനരികിൽ സ്ഥാപിക്കുവാനാണ് ഉദ്ദേശിക്കുന്നത്.

(ജെ) അനേകം വർഷങ്ങൾക്ക് മുമ്പ് സ്ഥാപിച്ച ലൈൻ ആയതിനാൽ ഇത് സംബന്ധിച്ച രേഖകൾ ലഭ്യമല്ല.

(കെ) ശ്രീ. ചാക്കോ വർഗീസ് തന്റെ പുരയിടത്തിൽ നിലവിലുള്ള 11 കെ.വി. ലൈൻ മാറ്റി ഭൂഗർഭ കേബിൾ സ്ഥാപിക്കുന്നതിനായി 61,004 രൂപ അടച്ചു.

(എൽ) പൊതുജനങ്ങളിൽ നിന്ന് എതിർപ്പ് വന്നതിനാലാണ് ഈ വർക്ക് നിർത്തിവച്ചത്.

LIBRARY ARCHIVES Kerala Legislative Assembly